**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1989** **20-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ പാൽ ഉല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിലെ പാൽ ഉല്പാദനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് എത്ര ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | മുൻ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നിലവിൽ 2.34% വർദ്ധനവാണ് പാലുല്പാദനത്തിൽ ഉണ്ടായിട്ടുള്ളത്. 2016-17 വർഷം 25.20 ലക്ഷം ലിറ്റർ പാലുല്പാദനത്തിൽ നിന്നും 2022-23 വർഷം 25.79 ലക്ഷം ലിറ്റർ പാൽ ഉല്പാദനത്തിൽ എത്തുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>നിലവിൽ കണക്കുകൾ പ്രകാരം ആവശ്യകതയുടെ 80-85% പാൽ ഉല്പാദിപ്പിക്കുന്നതായിട്ടാണ് കണക്കാക്കുന്നത്. അന്യസംസ്ഥാനങ്ങളിൽ നിന്ന് ക്ഷീരവികസന വകുപ്പിന്റെ 3 സ്ഥിരം ചെക്ക് പോസ്റ്റുകളിലൂടെ പ്രതിദിനം ശരാശരി 5.5 ലക്ഷം ലിറ്റർ പാൽ കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നു. |
| (ബി) | സംസ്ഥാനത്ത് പാലിന്റെ ലഭ്യതക്കുറവ് കണക്കിലെടുത്ത് എത്ര ലിറ്റർ പാൽ പ്രതിദിനം ഇതര സംസ്ഥാനങ്ങളിൽ നിന്നും മിൽമ കൊണ്ടുവരുന്നുണ്ടെന്ന് അറിയിക്കാമോ? | (ബി) | സംസ്ഥാനത്ത് പാലിന്റെ ലഭ്യത കുറവ് കണക്കിലെടുത്ത് പ്രതി ദിനം ശരാശരി 4 ലക്ഷം ലിറ്റർ പാൽ കർണ്ണാടക, മഹാരാഷ്ട്ര തുടങ്ങിയ അയൽ സംസ്ഥാനങ്ങളിൽ നിന്നും മിൽമ എത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ